# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**26/01/2025** **മാർക്ക് - 50**
**02.00pm - 04.00pm** **STD - X** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* ജീവിതസാക്ഷ്യം
* ദൈവവചനം
* വചന പ്രഘോഷണം
* കെ. സി. എസ്. എൽ
* മാർത്തോമ്മാ നസ്രാണികൾ
* വിവാഹം
* വിൻസന്റ് ഡി പോൾ
* ഫ്രഡറിക് ഓസാനാം
* ബൈബിൾ
* സഭയും ഇന്റർനെറ്റും
* ചെറുപുഷ്പ മിഷൻലീഗ്
* ഇന്റർനെറ്റിലെ ധാർമ്മീകത
* ക്രിസ്ത്യാനികൾ
* കരുണ
* സ്നേഹം
* ദൈവസ്നേഹവും പരസ്നേഹവും

1. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണ ഫലമായി രൂപപ്പെട്ട ക്രൈസ്തവസമൂഹം അറിയപ്പെടുന്ന പേര്?
2. ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥം ഏത്?
3. സൃഷ്ടികർമ്മത്തിലും രക്ഷാകരപദ്ധതിയിലും പങ്കുചേരുവാൻ ദൈവം രൂപംകൊടുത്ത സംവിധാനം ഏത്?
4. സ്നേഹത്തിന്റെ ഉദാത്തഭാവം എന്ത്?
5. ഏഷ്യയിലെ ഏറ്റവും വലിയ അത്മായ പ്രേഷിത സംഘടന ഏത്?
6. യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ അടയാളം എന്തെന്നാണ് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്?
7. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം എന്താണ്?
8. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം എന്താണ്?
9. മനുഷ്യവംശത്തിന്റെ പൊതുനന്മയും ഐക്യദാർഢ്യവും വളർത്തുന്ന വിധത്തിലേ ഇന്റർനെറ്റ് ഉപയോഗിക്കാവൂ എന്ന് പഠിപ്പിക്കുന്ന രേഖ ഏത്?
10. വിൻസന്റ് ഡി പോൾ സംഘടന സ്ഥാപിച്ചത് ആര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6

11. ഭക്ത സംഘടനകളുടെയും കൂട്ടായ്മകളുടെയും ലക്ഷ്യം എന്താണ്?
12. കോറിന്തോസിലെ സഭാ സമൂഹത്തെ വി. പൗലോസ് അഭിസംബോധന ചെയ്യുന്നത് എങ്ങനെയാണ്?

13. കുടുംബസമേതം മാമ്മോദീസ സ്വീകരിച്ച് ഈശോയുടെ പ്രേഷിതരായിത്തീർന്ന ആദിമസഭയിലെ രണ്ട് കുടുംബങ്ങൾ ഏവ?

14. ഭാരതത്തിലെ പ്രേഷിതപ്രവർത്തനങ്ങൾ ഗണ്യമായ രീതിയിൽ സജീവമായത് എന്നുമുതലാണ്?

15. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനമനുസരിച്ച് ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ത്?

16. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ച വസ്തുതകൾ ഏവ?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക — 2X3=6

17. കുടുംബജീവിതം നയിക്കുന്നവർക്ക് പ്രേഷിതപ്രവർത്തനങ്ങളിൽ എങ്ങനെ പങ്കുപറ്റാൻ സാധിക്കും?

18. സത്യം, നീതി, സ്നേഹം തുടങ്ങിയ മൂല്യങ്ങളിൽ വളരേണ്ടതിന് വരും തലമുറകൾക്ക് നൽകേണ്ട പരിശീലനത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ത് പഠിപ്പിക്കുന്നു?

19. ലോകത്തിന്റെ മനഃസാക്ഷിയാണ് സഭ എന്നു പറയാൻ കാരണമെന്ത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ — 2X4=8

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'കർത്താവേ, ആശീർവ്വദിക്കണമേ. എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. പരി. അമ്മയുടെ വണക്കത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസങ്ങളും അവ എന്തിനാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതെന്നും എഴുതുക.

22. വചനം പൂർത്തിയാക്കുക. സുഭാഷിതങ്ങൾ 3:6 "നിന്റെ എല്ലാ.........."

23. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക — 5X2=10

24. അനുദിന ജീവിതത്തിൽ നമുക്ക് എങ്ങനെ വിശുദ്ധിയിൽ ജീവിക്കാം എന്ന് 'വിശുദ്ധരാകൂ പ്രേഷിതരാകൂ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. "നിങ്ങൾക്ക് നിങ്ങളുടെ ശീലങ്ങൾ മാറ്റാൻ കഴിയും; നിങ്ങളുടെ ശീലങ്ങൾക്ക് തീർച്ചയായും നിങ്ങളുടെ ഭാവിയേയും മാറ്റി മറിക്കാനാകും" എന്ന് എ. പി. ജെ അബ്ദുൽ കലാം പറയുന്നുണ്ട്. ജീവിതത്തിന്റെ ഒരു വഴിത്തിരിവിലെത്തിയിരിക്കുന്ന നിങ്ങൾക്ക്, നിങ്ങളുടെ സ്വപ്നങ്ങളും മാതാപിതാക്കളുടെ സ്വപ്നങ്ങളും കോർത്തിണക്കി നല്ലൊരു ഭാവി ജീവിതം കരുപിടിപ്പിക്കാൻ സ്വന്തമാക്കേണ്ട നല്ല ശീലങ്ങളേയും മാറ്റേണ്ട ദുശ്ശീലങ്ങളേയും വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

26/01/2025 | **STD - XI** | മാർക്ക് - 50
02.00pm - 04.00pm | | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * ദൈവം | * ദൈവസാന്നിദ്ധ്യത്തിന്റെ | * വചനം വായിക്കുക |
| * വി. ജറോം | * സ്വാതന്ത്ര്യം | * ധ്യാനം |
| * ഏശയ്യ 6:49 | * വി. ഡോമിനിക് സാവിയോ | * ഏശയ്യ 49:6 |
| * ദൈവാരാധന | * വി. കുർബാന | * പൗലോസ് ശ്ലീഹാ |
| * വി. ജോൺ ബോസ്കോ | * ദൈവത്തിന്റെ പരിശുദ്ധിയുടെ | * വാ. കാർലോ അക്കുത്തിസ് |

1. വായിച്ച വചനത്തിലൂടെ ദൈവം ഒരു വ്യക്തിയോട് എന്ത് ആവശ്യപ്പെടുന്നുവെന്ന് പരിശുദ്ധാത്മാവിന്റെ കൃപയിൽ ആശ്രയിച്ചുള്ള അന്വേഷണത്തെ പറയുന്നത് എന്ത്?
2. ദൈവരാജ്യം എന്നാൽ പരിശുദ്ധാത്മാവിലുള്ള ആനന്ദമാണ് എന്ന് പഠിപ്പിച്ചത് ആര്?
3. “പിശാച് യുവാക്കൾക്കായി ഒരുക്കുന്ന ഏറ്റവും വലിയ കെണി അലസതയാണ്” എന്ന് പറഞ്ഞതാര്?
4. പഴയനിയമത്തിൽ പ്രകാശം, അഗ്നി എന്നിവ എന്തിന്റെ അടയാളമാണ്?
5. “വിശുദ്ധ ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതയാണ്” എന്ന് പറഞ്ഞതാര്?
6. നന്മയുടെ അടിസ്ഥാനം എന്ത്?
7. സ്വർഗ്ഗീയ അനുഭവത്തിന്റെ മുന്നാസ്വാദനം പ്രത്യേകമാംവിധം നാം അനുഭവിക്കുന്ന കൂദാശ ഏത്?
8. “എന്റെ രക്ഷ ലോകാതിർത്തികൾ വരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും.” ബൈബിൾ വാക്യം ഏത്?
9. ‘സൈബർ അപ്പസ്തോലൻ’ എന്ന പേരിലറിയപ്പെടുന്നതാര്?
10. വചനാധിഷ്ഠിത ജീവിതം നയിക്കുന്നതിന് ഏറ്റവും അടിസ്ഥാനമായിട്ടുള്ളത് എന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6

11. ദൈവവചനം ഒരുക്കുന്ന നാല് തലങ്ങളിലുള്ള രൂപാന്തരീകരണം ഏവ?
12. സാത്താൻ മനുഷ്യരിൽ പ്രവർത്തിക്കുന്ന നാലു തലങ്ങൾ ഏവ?
13. യഥാർത്ഥമായ സന്തോഷത്തിന്റെ പൂർണ്ണത എന്ത്?

14. ലോകത്തിന് രുചിയാകാൻ ക്രിസ്തുശിഷ്യർ അടിസ്ഥാനമാക്കേണ്ട തിരുവചനം ഏത്?

15. തിന്മയുടെ രണ്ട് തരത്തിലുള്ള ബാഹ്യശക്തികൾ ഏവ?

16. "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്" (മത്തായി 5:13) എന്ന വചനത്തിലൂടെ തന്റെ ശിഷ്യർക്കുണ്ടായിരിക്കേണ്ട ഏതെല്ലാം സവിശേഷതകളെയാണ് ഈശോ വ്യക്തമാക്കുന്നത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. നന്മ എന്നാൽ എന്ത്?

18. അനുരഞ്ജനം എന്ന കൂദാശ നമുക്ക് മുമ്പിൽ വയ്ക്കുന്ന സന്ദേശം എന്ത്?

19. വചനം ജീവദായകമാകുന്നത് എങ്ങനെ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ (ആശംസാപ്രാർത്ഥന) 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്കുയരട്ടെ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. പ്രകാശത്തിന് മൂന്ന് അർത്ഥതലങ്ങളാണ് ആരാധനാക്രമത്തിൽ (വി. കുർബാനയിലും മറ്റ് കൂദാശകളിലും) ഉള്ളത്. അവ ഏതെല്ലാം?

22. ദൈവവചനം എഴുതുക. ലൂക്കാ 11:13 "മക്കൾക്കു നല്ല ........"

23. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രകാശരശ്മികൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് വഴികാട്ടിയും, അന്ധകാരത്തെ അകറ്റി ധൈര്യം പകർന്ന് അവർക്ക് രക്ഷനേടിക്കൊടുക്കുവാൻ ലോകത്തിന്റെ പ്രകാശമായി സഭയിലും സമൂഹത്തിലും വർത്തിക്കേണ്ടവരാണ്. 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. വാഴ്ത്തപ്പെട്ട ചാൾസ് ഡി ഫുക്കോ പറയുന്നു: "ദൈവം ഉണ്ടെന്ന് ഞാൻ വിശ്വസിച്ചപ്പോൾതന്നെ അവിടുത്തേക്ക് വേണ്ടി ജീവിക്കുകയെന്നല്ലാതെ മറ്റൊന്നും ചെയ്യാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കി." നൂതനവിവരസാങ്കേതിക (Modern Information Technology) ലോകത്ത് ഒരു ദൈവവിശ്വാസിയായി ജീവിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? വിശ്വാസജീവിതത്തിൽ നിങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**26/01/2025** **മാർക്ക് – 50**
**02.00pm - 04.00pm** **STD - XII** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വിശുദ്ധീകരിക്കുക | * സ്ഥൈര്യലേപനം | * വിശ്വാസം |
| * വി. കുർബാന | * ദൈവാനുഗ്രഹം | * യുക്തി |
| * ആരാധന | * പഠിപ്പിക്കുക | * വി. തോമസ് അക്വിനാസ് |
| * ഫ്രഞ്ചെല്ലി തൂത്തി | * മാതൃകാപരമായ ജീവിതം | * ബേക്കൺ |
| * വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ | * രണ്ടാം വത്തിക്കാൻ കൗൺസിൽ | * ബെനഡിക്ട് പതിനാറാമൻ മാർപാപ്പ |

1. സാങ്കേതികരംഗത്തുണ്ടായ കണ്ടുപിടുത്തങ്ങളെ രണ്ടാം വത്തിക്കാൻ കൗൺസിലിലെ സാമൂഹ്യ സമ്പർക്കമാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി വിശേഷിപ്പിക്കുന്നത് എന്ത്?
2. "സത്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേയ്ക്കു മനുഷ്യമനസ്സിനു പറന്നുയരാനുള്ള രണ്ടു ചിറകുകൾ പോലെയാണ് വിശ്വാസവും യുക്തിയും" എന്ന് പറഞ്ഞതാര്?
3. ഈശോയ്ക്ക് സാക്ഷ്യം വഹിക്കാനും, അവിടുത്തെ സുവിശേഷം പ്രഘോഷിക്കാനുമുള്ള ശക്തിയാൽ നമ്മെ അനുഗ്രഹിക്കുന്ന കൂദാശ ഏത്?
4. "മാധ്യമങ്ങൾ ഉപയോഗിക്കുന്നവർ പ്രത്യേകിച്ച് യുവജനങ്ങൾ മിതത്വവും ആത്മനിയന്ത്രണവും പാലിക്കണം" എന്ന പ്രബോധനം എവിടെ നിന്ന്?
5. അദൃശ്യനായ ദൈവത്തെ കണ്ടെത്താനും അംഗീകരിക്കാനും ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്ന സിദ്ധി ഏത്?
6. സഭയുടെ ഏറ്റവും പരമോന്നതമായ ദൈവാരാധന ഏത്?
7. സമ്പർക്ക മാധ്യമങ്ങൾക്ക് മൂന്ന് ലക്ഷ്യങ്ങളാണ് ഉള്ളത്. അതിൽ രണ്ടാമത്തെ ഏത്?
8. കാര്യകാരണ ബന്ധത്തെ അപഗ്രഥിക്കുകയും വിവേചിക്കുകയും ചെയ്യുന്ന ബൗദ്ധികമായ പ്രക്രിയ ഏത്?
9. ക്രിസ്തീയ സാക്ഷ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്ത്?
10. ഈശ്വരാസ്തിത്വത്തെക്കുറിച്ച് ബോധ്യത്തിലെത്താനുള്ള അഞ്ചു വാദമുഖങ്ങൾ ഉന്നയിക്കുന്നത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. സത്യം അറിയാനുള്ള വഴികൾ ഏവ?
12. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രധാനതലങ്ങൾ ഏവ?

13. ആരാണ് യുക്തിവാദികൾ?

14. മാധ്യമങ്ങളുടെ 'വിനോദിപ്പിക്കുക' എന്ന ലക്ഷ്യത്തിന്റെ പ്രത്യേകത എന്ത്?

15. ക്രിസ്തീയ സാക്ഷ്യത്തിനുള്ള ഏതെങ്കിലും നാല് പ്രധാനപ്പെട്ട രീതികൾ എഴുതുക.

16. 2008-ലെ മാധ്യമദിനസന്ദേശത്തിലൂടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നത് എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. മാധ്യമങ്ങളെ മൂല്യാധിഷ്ഠിതമായി എങ്ങനെ സുവിശേഷപ്രഘോഷണത്തിന് ഉപയോഗിക്കാം?

18. ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ നമ്മെ സഹായിക്കുന്ന അഞ്ചു വാദമുഖങ്ങൾ (പഞ്ചമാർഗങ്ങൾ) ഏവ?

19. സഹനജീവിതം ഒരു ക്രിസ്തീയ സാക്ഷ്യം ആകുന്നത് എങ്ങനെ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോടു ദയ തോന്നണമേ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്നത് എന്ന്?

22. ദൈവവചനം എഴുതുക. സങ്കീർത്തനം 96:2 "കർത്താവിനെ ........"

23. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനും ക്രിസ്തീയ മൂല്യങ്ങൾക്കും എപ്രകാരം സാക്ഷ്യം വഹിക്കാനാകും എന്ന് 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. ദൈവസ്നേഹം പങ്കുവയ്ക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന പ്രേഷിതയാണ് ക്രിസ്തീയ കുടുംബം. ആധുനിക സംസ്കാരം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നുണ്ടോ? ദൈവസ്നേഹം നിറഞ്ഞ നല്ല കുടുംബങ്ങൾ രൂപപ്പെടുത്താൻ സഹായകമായ നിങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.